# ദേവസ്വംനിയമനങ്ങളിലെ സംവരണം സംബന്ധിച്ച് ഗവണ്മെന്റ് എടുത്ത തീരുമാനം താമസംവിനാ നടപ്പാക്കണം

**ഹൈ**ന്ദവരിലെ മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് ദേവസ്വം നിയമനങ്ങളിൽ 10% സംവരണം അനുവദിച്ചുകൊണ്ട് സംസ്ഥാനസർക്കാരിന്റെ പ്രഖ്യാപനം ഉണ്ടായി. മറ്റു മേഖലകളിൽകൂടി ഈ വിഭാഗത്തിൽ പെട്ടവർക്ക് സംവരണം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനവുമുണ്ടായിട്ടുണ്ട്. ഇതിനെ തുടർന്നുണ്ടായിട്ടുള്ള കോലാഹലങ്ങൾ ഒരുതരത്തിലും യാഥാർത്ഥ്യവുമായി ബന്ധപ്പെട്ടുള്ളതല്ല എന്നു പറയേണ്ടിയിരിക്കുന്നു.

മുൻസംസ്ഥാനസർക്കാർ നിയോഗിച്ച ക്യാബിനറ്റ് സബ്കമ്മറ്റിയുടെ ശിപാർശ പ്രകാരമാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനും ഹൈന്ദവരിലെ പിന്നാക്കവിഭാഗങ്ങൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷനിൽ ലഭിച്ചുവരുന്ന 32 ശതമാനം സംവരണം അതേപടി പ്രസ്തുതവിഭാഗങ്ങൾക്ക് ദേവസ്വം നിയമനങ്ങളിൽ നല്കുന്നതിനും ആ സർക്കാർ തീരുമാനിച്ചത്. ദേവസ്വം ബോർഡുകളിൽ സംവരണം നല്കാൻ കഴിയാത്ത മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് PSC നല്കുന്ന 18% സംവരണം ഹൈന്ദവരിലെ മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് അനുവദിക്കാൻ കമ്മറ്റി ശിപാർശ ചെയ്തിരുന്നെങ്കിലും ആ 18 ശതമാനം സംവരണം, പ്രസ്തുത വിഭാഗങ്ങൾക്ക് നല്കാതെ, അത് മെരിറ്റ് വിഭാഗത്തോട് കൂട്ടിച്ചേർത്ത് മെരിറ്റ് 68 ശതമാനം ആയി ഉയർത്തിക്കൊണ്ടുമാണ് അന്ന് തീരുമാനമെടുത്തത്.

ദാരിദ്ര്യത്തെപ്പോലും അതിജീവിച്ച്, ക്ഷേത്രോൽപത്തി മുതൽ അവയുടെ പരിപാലനത്തിലും നടത്തിപ്പിലും ഏർപ്പെട്ടുവന്നിരുന്ന ഹൈന്ദവരിലെ ഒരു വിഭാഗത്തെ മുന്നാക്കമെന്നു മുദ്രകുത്തി, അവരിലെ പാവപ്പെട്ടവർക്കുപോലും നീതി നിഷേധിക്കുന്നത് ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല എന്ന ശക്തമായ നിലപാട് എൻ.എസ്.എസ്. സ്വീകരിച്ചത് ഈ അവസരത്തിലാണ്.

ഇതുകൂടി കണക്കിലെടുത്താണ് ദേവസ്വം നിയമനങ്ങളിൽ ഹൈന്ദവരിലെ മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് 10% സംവരണം അനുവദിച്ചുകൊണ്ട് ഇപ്പോഴത്തെ സംസ്ഥാനസർക്കാരിന്റെ പ്രഖ്യാപനം ഉണ്ടായത്. സർക്കാരിന്റെ ഈ തീരുമാനം ഭരണഘടനാവിരുദ്ധമാണെന്നും സാമൂഹികനീതിക്കു നിരക്കുന്നതല്ലെന്നും ഇപ്പോൾ തന്നെ ദേവസ്വത്തിലുള്ള ജീവനക്കാരിൽ ഭൂരിഭാഗവും മുന്നാക്കവിഭാഗത്തിലുള്ളവരാണെന്നും മറ്റുമുള്ള പ്രചാരണം സംവരണവിഭാഗങ്ങളിലെ ചില സംഘടനകളിൽനിന്നും നേതാക്കളിൽ നിന്നും ഉണ്ടായെങ്കിലും, എടുത്ത തീരുമാനത്തിൽ സർക്കാർ ഉറച്ചുനില്ക്കുമെന്നുള്ള ഉറപ്പ് മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതിനാലാണ് അത്തരം തെറ്റായ പ്രചരണങ്ങൾക്കെതിരെ എൻ.എസ്.എസ്. പ്രതികരിക്കാതിരുന്നിട്ടുള്ളത്.

നിയമനങ്ങളിൽ റിസർവേഷൻ പ്രതിപാദിക്കുന്നത് ആർട്ടിക്കിൾ 16-ലാണ്. ആർട്ടിക്കിൾ 16 പ്രകാരം റിസർവേഷൻ സാദ്ധ്യമാകണമെങ്കിൽ അത് സ്റ്റേറ്റിന്റെ നിർവചനത്തിൽവരുന്ന സ്ഥാപനങ്ങളിലായിരിക്കണം. അതായത്, സ്റ്റേറ്റിന്റെ കീഴിലുള്ള സർവീസുകളിൽമാത്രമേ പിന്നാക്കവിഭാഗങ്ങളിൽപെട്ട പൗരന്മാർക്ക് നിയമനങ്ങളോ തസ്തികകളോ സംവരണംചെയ്യുന്നതിന് ഭരണഘടനാപ്രകാരം സാധിക്കുകയുള്ളൂ. എന്നാൽ, ദേവസ്വംബോർഡ്, സ്റ്റേറ്റ് എന്ന നിർവചനത്തിൽ ഉൾപ്പെടുന്നില്ല. ദേവസ്വംബോർഡ് ഒരു സ്വയംഭരണാധികാരമുള്ള സ്ഥാപനമാണ്. അതിലെ ജീവനക്കാർ സർക്കാരുദ്യോഗസ്ഥരല്ല. അവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ദേവസ്വംബോർഡുതന്നെയാണ് നല്കുന്നത്. അതിനാൽതന്നെ ദേവസ്വംബോർഡുനിയമനങ്ങളിൽ ഭരണഘടനാപ്രകാരമുള്ള സംവരണം സാദ്ധ്യമല്ല.

ദേവസ്വം ബോർഡിന്റെ ആരംഭകാലം മുതൽ 60-ലേറെ വർഷങ്ങളായി ബോർഡു തന്നെയാണ് അവിടത്തെ നിയമനങ്ങൾ നടത്തിവന്നിരുന്നത്. യാതൊരുവിധ സംവരണവും അവിടെ നല്കിയിരുന്നില്ല. 2017 മുതൽ മാത്രമാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലൂടെ സംവരണാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിവരുന്നത്.

ദേവസ്വംബോർഡിലെ ഇപ്പോഴുള്ള ജീവനക്കാരിൽ ഭൂരിഭാഗവും മുന്നാക്കവിഭാഗത്തിൽപ്പെട്ടവരാണെന്ന ആക്ഷേപവും ചിലർക്കുണ്ട്. ബോർഡിന്റെ ആരംഭകാലം മുതൽ ഭരണത്തിൽ എല്ലാവിഭാഗങ്ങൾക്കും തുല്യപ്രാതിനിധ്യം നല്കിയിരുന്നു. അതിനാൽതന്നെ എല്ലാ വിഭാഗത്തിലും പെട്ടവർക്ക് തുല്യമായ തൊഴിൽസാധ്യതയും ഉണ്ടായിരുന്നു. ഉപജീവനത്തിന് ഉതകുന്ന വരുമാനം അന്ന് ലഭ്യമാകാതിരുന്നതിനാൽ ഹൈന്ദവരിലെ സംവരണവിഭാഗത്തിലുള്ള പലരും കൂടുതൽ വരുമാനമുള്ള മറ്റു തൊഴിൽ തേടി പോയിരുന്നു. സംവരണേതരമുന്നാക്കവിഭാഗത്തിൽപെട്ട തൊഴിൽരഹിതരായ ആളുകൾ, മറ്റു മാർഗ്ഗമില്ലാതെ, കിട്ടുന്ന വരുമാനംകുറവാണെങ്കിലും ഈ ജോലി സ്വീകരിച്ചുവന്നു. ഈ അടുത്തകാലത്ത് ദേവസ്വംബോർഡിൽ ശമ്പളത്തിനു സ്ഥിരതയും മറ്റാനുകൂല്യങ്ങൾക്കു വർദ്ധനവും വന്നതോടെയാണ്, സംവരണവിഭാഗങ്ങൾക്ക് തൊഴിലവസരം കുറഞ്ഞുപോയി എന്ന പ്രചരണം ഉണ്ടായിട്ടുള്ളത്. കുറവുണ്ടെങ്കിൽതന്നെ, സാമുദായികസന്തുലിതാവസ്ഥയ്ക്കുവേണ്ടിയുള്ള ക്രമീകരണമെന്ന നിലയിൽ സംവരണം നടപ്പാക്കുകവഴി ആ കുറവ് പരിഹരിക്കാവുന്നതേയുള്ളൂ.

ഈ യാഥാർത്ഥ്യങ്ങൾ കണക്കിലെടുത്ത് ദേവസ്വംനിയമനങ്ങളിലെ സംവരണം സംബന്ധിച്ചെടുത്ത തീരുമാനം താമസംവിനാ നടപ്പാക്കുകയാണ് സംസ്ഥാനഗവണ്മെന്റ് ചെയ്യേണ്ടത്.